# ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**TIME: 6.30 PM** **DATE: 18-03-2024**

## പ്രധാനവാർത്തകൾ

1. രാജ്യത്ത് ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചാരണം ഉച്ചസ്ഥായിയിൽ; തെരഞ്ഞെടുപ്പ് യോഗങ്ങളും റാലികളുമായി പ്രമുഖ പാർട്ടികൾ; പ്രധാനമന്ത്രി നരേന്ദ്രമോദി കോയമ്പത്തൂരിൽ റോഡ് ഷോയിൽ പങ്കെടുത്തു.

2. തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ പാലക്കാടെത്തും. പഴുതടച്ച പ്രചാരണ പരിപാടികളുമായി എൽ.ഡി.എഫും യു.ഡി.എഫും.

3. ഈ വർഷത്തെ സരസ്വതി സമ്മാൻ പുരസ്കാരം കവി പ്രഭാവർമയ്ക്ക് . പുരസ്കാരം രൗദ്ര സാത്വികം എന്ന കൃതിയ്ക്ക്.

4. സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. 10 ജില്ലകളിൽ ബുധനാഴ്ച വരെ മുന്നറിയിപ്പ്.

5.ഐ ലീഗ് ഫുട്ബോളിൽ ഇൻറർകാശി ഇന്ന് ഐസ്വാൾ എഫ്.സി യെ നേരിടും. ഏഴ് മണിയ്ക്കാണ് മത്സരം.

$$$$$$$$$$$$$$$$

<u>ഇലക്ടറൽ ബോണ്ട്</u>

ഇലക്ടറൽ ബോണ്ടുമായി ബന്ധപ്പെട്ട് തിരിച്ചറിയൽ നമ്പരടക്കം ലഭ്യമായ എല്ലാ വിവരങ്ങളും വെളിപ്പെടുത്താൻ എസ്ബിഐയോട് സുപ്രീം കോടതി നിർദ്ദേശിച്ചു. വ്യാഴാഴ്ചക്കകം എല്ലാം വെളിപ്പെടുത്തിയെന്ന്

സത്യവാങ്മൂലം നല്കാനും കോടതി ആവശ്യപ്പെട്ടു. ഇലക്ടറൽ ബോണ്ടിന്റെ വിശദാംശംങ്ങൾ വെളിപ്പെടുത്താൻ ഫെബ്രുവരി പതിനഞ്ചിനാണ് സുപ്രീംകോടതി എസ്.ബി.ഐയോട് ആവശ്യപ്പെട്ടത്.

$$$$$$$$$$$$$$$$

## തെലങ്കാന

ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചരണത്തിന്റെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്രമോദി കോയമ്പത്തൂരിൽ റോഡ് ഷോയിലും പൊതുസമ്മേളനത്തിലും പങ്കെടുത്തു. കർണ്ണാടകയിലെ ശിവമോഗയിലും തെലങ്കാനയിലും പ്രധാനമന്ത്രി തെരഞ്ഞെടുപ്പ് പൊതുയോഗങ്ങളെ അഭിസംബോധന ചെയ്തു. രാജ്യത്തെ ഭിന്നിപ്പിക്കുന്ന തരത്തിലുള്ള ഒരു രാഷ്ട്രീയത്തിനേയും ജനങ്ങൾ പിന്തുണക്കില്ലെന്ന് ശ്രീ മോദി ശിവമോഗയിൽ പറഞ്ഞു.

$$$$$$$$$$$$$$$$

## പി എം- പാലക്കാട്

ബിജെപിയുടെ തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ വീണ്ടും സംസ്ഥാനത്തെത്തും. പാലക്കാട് നഗരത്തിൽ പ്രധാനമന്ത്രി റോഡ് ഷോ നടത്തും. രാവിലെ 10 മണിയോടെ ആരംഭിക്കുന്ന റോഡ് ഷോയുടെ ഭാഗമായി ഗതാഗത നിയന്ത്രണം ഏർപ്പെടുത്തും. തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച ശേഷമുള്ള പ്രധാനമന്ത്രിയുടെ ആദ്യ കേരള സന്ദർശനമാണിത്.

$$$$$$$$$$$$$$$$

## തെരഞ്ഞെടുപ്പ് - രാജ്യം

രാജ്യത്ത് ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചാരണം ഉച്ചസ്ഥായിയിൽ. പ്രമുഖ പാർട്ടികളെല്ലാം തിരഞ്ഞെടുപ്പ് യോഗങ്ങളും റാലികളുമായി സജീവമാണ്. ചില മണ്ഡലങ്ങളിലെ സ്ഥാനാർഥി നിർണ്ണയവും പുരോഗമിക്കുകയാണ്. അതിനിടെ സീറ്റ് വിഭജനം ചർച്ച ചെയ്യാൻ തമിഴ്നാട് മുഖ്യമന്ത്രി എം.കെ.സ്റ്റാലിൻ, സംസ്ഥാന കോൺഗ്രസ് അധ്യക്ഷൻ കെ.സെൽവപെരുന്തഗൈ തുടങ്ങിയവരുടെ നേതൃത്വത്തിൽ യോഗം

PNUTVPM

ചേർന്നു. മഹാരാഷ്ട്രയിൽ സീറ്റ് വിഭജനം ചർച്ച ചെയ്യാൻ കോൺഗ്രസ് നേതാക്കൾ യോഗം ചേർന്നു.

$$$$$$$$$$$$$$$$$

## തെരഞ്ഞെടുപ്പ് - സംസ്ഥാനം

തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി അടുത്ത ആഴ്ച വയനാട്ടിലെത്തും. മൂന്ന് മുന്നണികളിലെയും മുതിർന്ന നേതാക്കൾ ഉൾപ്പടെ പഴുതടച്ച പ്രചാരണ പരിപാടികളുമായി രംഗത്തുണ്ട്. കണ്ണൂരിലെ യുഡിഎഫ് സ്ഥാനാർഥി കെ.സുധാകരൻ മട്ടന്നൂരിൽ പ്രചാരണത്തിനെത്തി. തൃശൂർ എൽഡിഎഫ് സ്ഥാനാർഥി വി.എസ് സുനിൽ കുമാർ നഗരത്തിലെ വിവിധയിടങ്ങളിൽ പ്രചാരണം നടത്തി. ആറ്റിങ്ങൽ എൻഡിഎ സ്ഥാനാർഥി വി.മുരളീധരൻ വാമനപുരം, നെടുമങ്ങാട് എന്നിവിടങ്ങളിൽ തെരഞ്ഞെടുപ്പ് പരിപാടികളിൽ പങ്കെടുത്തു.

$$$$$$$$$$$$$$$$$

## ഭിന്നശേഷി സൗഹൃദ തെരഞ്ഞെടുപ്പ്

പാലക്കാട് ജില്ലയിലെ വിവിധ താലൂക്കുകളിൽ കാഴ്ചപരിമിതർക്കായി വോട്ടിംഗ് മെഷീനുകളുടെ പരിചയപ്പെടുത്തൽ നടന്നു. ജില്ലയിൽ ലോക്സഭ തെരഞ്ഞെടുപ്പ് പൂർണമായും ഭിന്നശേഷി സൗഹൃദമായിട്ടാണ് നടത്തുകയെന്ന് ജില്ലാ കളക്ടർ അറിയിച്ചു. ക്യൂവിൽ നിൽക്കാതെ വോട്ട് ചെയ്യാനുള്ള സൗകര്യം, റാംപ്, വോട്ടർപട്ടിക പുതുക്കുന്ന സമയത്ത് ആവശ്യപ്പെട്ടിട്ടുള്ളവർക്ക് പോളിംഗ് ബൂത്തുകളിൽ എത്തുന്നതിനായി വാഹന സൗകര്യം എന്നിവ ഒരുക്കണമെന്നും കളക്ടർ നിർദ്ദേശിച്ചു.

$$$$$$$$$$$$$$$$$

## കാസർഗോഡ് കളക്ടർ - തിരഞ്ഞെടുപ്പ്

തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം കർശനമായി പാലിക്കണമെന്ന് കാസർഗോഡ് ജില്ലാ കളക്ടർ കെ ഇമ്പശേഖർ. ലോകസഭാ തെരഞ്ഞെടുപ്പ് നടപടികൾ വിശദീകരിക്കുന്നതിനായി വിളിച്ചു ചേർത്ത വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്ഥാനാർഥിയുടെയോ തെരഞ്ഞെടുപ്പ് ഏജന്റിന്റെയോ

RNU TPM

അംഗീകാരമില്ലാതെ ആരും പ്രചാരണം നടത്താൻ പാടില്ലെന്നും അങ്ങനെ ചെയ്യുന്ന വ്യക്തികൾക്കെതിരെ കേസെടുക്കുമെന്നും കളക്ടർ അറിയിച്ചു. ആകെ 10 ലക്ഷത്തി 51,111 വോട്ടർമാരാണ് കാസർഗോഡ് ജില്ലയിലുള്ളത്.

$$$$$$$$$$$$$$$$$

## കൊച്ചി - സ്വിമ്മത്തോൺ

കൊച്ചി സ്വിമ്മത്തോൺ അൾട്രാ നീന്തൽ മത്സരങ്ങൾ അടുത്ത മാസം 21 ന് പെരിയാറിൽ നടത്തും. രാജ്യത്തെ നദികളിലെ ഏറ്റവും വലിയ നീന്തൽ മത്സരമായ സ്വിമ്മത്തോണിൽ 700 ലധികം പേർ പങ്കെടുക്കും. എറണാകുളം DTPC യുടെയും, ജില്ലാ ഭരണകൂടത്തിന്റെയും നേതൃത്വത്തിലാണ് പരിപാടി.

$$$$$$$$$$$$$$$$$

## കെജ്‌രിവാൾ

ഡൽഹി ജൽ ബോർഡ് ക്രമക്കേടുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ ഇ ഡി അയച്ച സമൻസിന് ഹാജരാകാതെ മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ .ഇന്ന് ഹാജരാകാനാണ് ഇ ഡി നിർദേശിച്ചിരുന്നത്. സമൻസ് നിയമ വിരുദ്ധമാണെന്നും ഇ ഡി യെ ഉപയോഗിച്ച് കെജ്‌രിവാളിനെ നിരന്തരം ബി ജെ പി സർക്കാർ ലക്ഷ്യമിടുകയാണെന്നും ആം ആദ്മി പാർട്ടി ആരോപിച്ചു. കള്ളപ്പണം വെളുപ്പിക്കൽ നിരോധന നിയമപ്രകാരം കെജ്‌രിവാളിനെതിരായ രണ്ടാമത്തെ കേസാണിത്. ഡൽഹി എക്സൈസ് നയവുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ ഇ ഡി അയച്ച എട്ടു സമൻസുകളിൽ അദ്ദേഹം ഹാജരായിരുന്നില്ല.

$$$$$$$$$$$$$$$$$

## സരസ്വതി സമ്മാൻ - പ്രഭാവർമ

ഈ വർഷത്തെ സരസ്വതി സമ്മാൻ പുരസ്കാരം കവി പ്രഭാവർമയ്ക്ക് . രൗദ്ര സാത്വികം എന്ന കൃതിക്കാണ് പുരസ്കാരം. 12 വർഷത്തിന് ശേഷമാണ് കേരളത്തിൽ നിന്ന് ഒരാൾക്ക് പുരസ്കാരം

RNUTVPM

ലഭിക്കുന്നത്. ഇതിനു മുൻപ് സംസ്ഥാനത്ത് നിന്ന് സുഗത കുമാരിക്കാണ് പുരസ്കാരം ലഭിച്ചിട്ടുള്ളത്. രാജ്യത്തെ ഉന്നത സാഹിത്യപുരസ്കാരങ്ങളിലൊന്നായ സരസ്വതി സമ്മാൻ ലഭിച്ച കവി പ്രഭാവർമ്മയെ മുഖ്യമന്ത്രി പിണറായി വിജയൻ അഭിനന്ദിച്ചു. കേരളത്തിനാകെ അഭിമാനം പകരുന്ന നേട്ടമാണിതെന്ന് മുഖ്യമന്ത്രി പറഞ്ഞു. മലയാള സാഹിത്യത്തിന് ഇനിയുമേറെ സംഭാവനകൾ നൽകാൻ പ്രഭാവർമ്മയ്ക്ക് സാധിക്കട്ടേയെന്നും അദ്ദേഹം ആശംസിച്ചു.

$$$$$$$$$$$$$$$$$

## പുരസ്കാരം

ഏവൂർ ശങ്കരരാമയ്യർ സ്മാരക ക്ഷേത്രകലാ പുനരുദ്ധാരണ സമിതിയുടെ ഈ വർഷത്തെ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. നാദരത്ന പുരസ്കാരം കഥകളി സംഗീതജ്ഞൻ പത്തിയൂർ ശങ്കരൻകുട്ടിയ്ക്കും കലാരത്ന പുരസ്കാരം തോൽപ്പാവകൂത്ത് കലാകാരൻ പത്മശ്രീ രാമചന്ദ്രപുലവർക്കുമാണ് ലഭിച്ചത്. ഗുരു കലാമണ്ഡലം ഈശ്വരനുണ്ണിയ്ക്കാണ് വാദ്യരത്ന പുരസ്കാരം.

$$$$$$$$$$$$$$$$$

## മാതൃഭൂമി സാഹിത്യ പുരസ്കാരം.

എഴുത്തുകാരൻ സക്കറിയയ്ക്ക് 2023-ലെ മാതൃഭൂമി സാഹിത്യ പുരസ്കാരം. മൂന്നുലക്ഷം രൂപയും പ്രശസ്തിപത്രവും ശിൽപവുമടങ്ങുന്നതാണ് പുരസ്കാരം. പ്രൊഫ. എം.കെ.സാനു അധ്യക്ഷനും സി.രാധാകൃഷ്ണൻ, സാറാ ജോസഫ് എന്നിവർ അംഗങ്ങളുമായുള്ള സമിതിയാണ് പുരസ്കാര ജേതാവിനെ തിരഞ്ഞെടുത്തത്.

$$$$$$$$$$$$$$$$$

## പൂരോത്സവം.-കണ്ണൂർ

അത്യുത്തര കേരളത്തിന് ഇത് പൂരക്കാലമാണ്. വടക്കൻ കേരളത്തിലെ പൂരോത്സവത്തിന്റെ വിശേഷങ്ങളുമായി

KNU TVPM

ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ....

(വോയിസ്)

$$$$$$$$$$$$$$$$

## കനത്ത ചൂട്

കേരളത്തിൽ കനത്ത ചൂട് തുടരുന്നു. 10 ജില്ലകളിൽ ഈ മാസം 20 വരെ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. പാലക്കാട്, കൊല്ലം ജില്ലകളിൽ ഉയർന്ന താപനില 39 ഡിഗ്രി സെൽഷ്യസ് വരെയും ആലപ്പുഴ, കോഴിക്കോട് ജില്ലകളിൽ ഉയർന്ന താപനില 38 ഡിഗ്രി സെൽഷ്യസ് വരെയും കോട്ടയം, പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും തിരുവനന്തപുരം, എറണാകുളം, കണ്ണൂർ ജില്ലകളിൽ താപനില 36 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയുണ്ടെന്നാണ് മുന്നറിയിപ്പ്.

$$$$$$$$$$$$$$$$

## ആലപ്പുഴ ചൂട് മുന്നറിയിപ്പ്

വേനൽ കനക്കുന്ന സാഹചര്യത്തിൽ പൊതു യോഗങ്ങൾ, പ്രചാരണ പ്രർത്തനങ്ങൾ, മറ്റ് പരിപാടികൾ എന്നിവ സംഘടിപ്പിക്കുമ്പോൾ മുൻകരുതലുകൾ സ്വീകരിക്കണമെന്ന് ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

ചൂട് കൂടുന്നത് മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾക്കെതിരെ പ്രത്യേക ശ്രദ്ധ വേണം. നേരിട്ട് ശക്തമായ വെയിൽ ഏൽക്കാത്ത ഇടങ്ങളിൽ പരിപാടികൾ സംഘടിപ്പിക്കണമെന്നും യോഗസ്ഥലത്ത് ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പാക്കണമെന്നും നിർദ്ദേശമുണ്ട്.

$$$$$$$$$$$$$$$$

## ജാഗ്രത നിർദ്ദേശം

കേരള തീരത്തും തെക്കൻ തമിഴ്നാട് തീരത്തും ഇന്ന് രാത്രി 11.30 വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം. കടൽക്ഷോഭം രൂക്ഷമാകാൻ സാധ്യതയുള്ളതിനാൽ അപകട

PMU TVM

മേഖലകളിൽ നിന്ന് അധികൃതരുടെ നിർദേശാനുസരണം മാറി താമസിക്കണമെന്നും നിർദ്ദേശമുണ്ട്.

$$$$$$$$$$$$$$$$$

## ഐ ലീഗ്

ഐ ലീഗ് ഫുട്ബോളിൽ ഇന്റർകാശി ഇന്ന് ഐസ്വാൾ എഫ്.സി യെ നേരിടും. രാത്രി ഏഴ് മണിക്ക് പശ്ചിമബംഗാളിലെ കല്യാണി മുനിസിപ്പാലിറ്റി സ്റ്റേഡിയത്തിലാണ് മത്സരം.

$$$$$$$$$$$$$$$$$

## ഓഹരി, സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 104 പോയിന്റ് നേട്ടത്തിൽ 72,748 ലും ദേശീയ ഓഹരി നിഫ്റ്റി 32 പോയിൻറ് ഉയർന്ന് 22,055 ലും വ്യാപാരം അവസാനിപ്പിച്ചു .

സ്വർണ്ണ വിലയിൽ നേരിയ കുറവ്. ഗ്രാമിന് 23 രൂപ കുറഞ്ഞു 6587 രൂപയും പവന് 52,696 രൂപയുമാണ് ഇന്നത്തെ വില.

NUTVPM

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$